7. മൃഗരോഗ നിയന്ത്രണത്തിനുള്ള ധനസഹായം (ആന്ത്രാക്സ്)-75%.

8. കന്നുകാലി കാനേഷുമാരി-100%.

9. കുളമ്പുരോഗ നിയന്ത്രണം എഫ്. എം. ഡി. സി. പി.-100%.

(ബി) ഈ സാമ്പത്തിക വർഷം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളൊന്നും നിർത്തലാക്കിയിട്ടില്ല.

(സി) ഇല്ല.

(ഡി) ഒന്നും നിറുത്തലാക്കിയിട്ടില്ല. എന്നാൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഐ. പി. ഡി. ബ്ളോക്ക് പേട്ട, ബ്രോയിലർ ഫാം, പേട്ട എന്നീ സ്ഥാപനങ്ങൾ പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷന് കൈമാറ്റം ചെയ്തിട്ടുണ്ട്.

(ഇ) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഈ വകുപ്പിന്റെ കീഴിലുള്ള സ്ഥലങ്ങൾ നല്കിയിട്ടുണ്ട്.

കുര്യോട്ടുമല എരുമവളർത്തൽ കേന്ദ്രം

100 ഏക്കർ സ്ഥലം ആദിവാസികൾക്കും, 1.50 സെന്റ് സ്ഥലം വാട്ടർ അതോറിട്ടിക്കും കൈമാറിയിട്ടുണ്ട്.

ചെറ്റച്ചൽ ജേഴ്സി ഫാം

31.96 ഏക്കർ സ്ഥലം ആദിവാസികൾക്ക് കൈമാറിയിട്ടുണ്ട്.

പേട്ട, ഐ.പി.ഡി. ബ്രോയിലർ ഫാം

1.5 ഏക്കർ സ്ഥലം പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷന് കൈമാറ്റം ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

106 [389] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ഈ സ്ഥാപനങ്ങളുടെ ഓരോന്നിന്റെയും ധനസ്ഥിതി വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

1. കേരള ഫീഡ്സ് ലിമിറ്റഡ്.
2. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്.
3. കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ്.
4. കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

(ബി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിൽ സർക്കാർ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിന് ഒരു റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നിർദ്ദേശം 2003-2004-ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതാണ്. ഈ സ്ഥാപനങ്ങൾക്ക് ഫണ്ടിൽ നിന്നും തങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ട പണം മുൻകൂറായി സ്വീകരിക്കാവുന്നതും നാമമാത്രമായ പലിശയോടുകൂടി തിരിച്ചടയ്ക്കാവുന്നതുമാണ്. ഇത് സംബന്ധിച്ച കരട് റൂൾസ് ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടെ അക്കൗണ്ടന്റ് ജനറലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) കേരള ഫീഡ്സ് ലിമിറ്റഡിന്റെ 31-3-2003-ലെ ആഡിറ്റ് റിപ്പോർട്ട് അനുസരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

(രൂപ ലക്ഷത്തിൽ)

ആകെ വരവ്	...	7201.45
ചെലവ്	...	7186.56
ആകെ ലാഭം	...	667.93
നഷ്ടം	...	325.71
(മുൻകാലങ്ങളിലെ)		

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ് 31-3-2001-ലെ കണക്കുപ്രകാരം മൊത്തം വരുമാനം 3,65,24,417-ഉം ചെലവ് 4,10,82,668 രൂപയുമാണ്.

കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന്റെ നെറ്റ് വർത്ത് ആസ്തി 2207 ലക്ഷവും മൂലധന നിക്ഷേപം 732 ലക്ഷവും ആകുന്നു.

കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷന്റെ 31-3-2003-ലെ കണക്കു പ്രകാരം മൊത്തം വരുമാനം 1,98,16,725.20, ചെലവ് 2,41,10,003 രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള ഫീഡ്സ് ലിമിറ്റഡ്, കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ് എന്നിവ ലാഭത്തിലാണെന്ന് മാനേജിംഗ് ഡയറക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മണ്ണുത്തി വെറ്ററിനറി കോളേജിന്റെ അംഗീകാരം

107 [390] പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. എൻ. ഡി. അപ്പച്ചൻ :

,, പി. ടി. തോമസ് :

,, ഇ. എം. അഗസ്തി :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണുത്തി, പൂക്കോട് എന്നീ രണ്ട് ക്യാമ്പസുകളിൽ ഓരോന്നിലും എത്ര വെറ്ററിനറി സയൻസ് വിദ്യാർത്ഥികൾ വീതം പഠിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവരെ ഒരേ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളായാണോ കണക്കാക്കിയിട്ടുള്ളത്;

(സി) ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ ഇവരെ ഇപ്രകാരമാണോ അംഗീകരിച്ചിട്ടുള്ളത്;

(ഡി) അല്ലാത്തപക്ഷം മണ്ണുത്തി വെറ്ററിനറി കോളേജിന്റെ അംഗീകാരം പിൻവലിക്കുവാൻ എന്തെങ്കിലും നിർദ്ദേശമുണ്ടോ?

ഉത്തരം

(എ) മണ്ണുത്തി വെറ്ററിനറി കോളേജിൽ 366 വിദ്യാർത്ഥികളും പൂക്കോട് വെറ്ററിനറി കോളേജിൽ 169 വിദ്യാർത്ഥികളും പഠിക്കുന്നു.

(ബി) അല്ല.

(സി) ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ ഇവരെ രണ്ടുകോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായാണ് അംഗീകരിച്ചിട്ടുള്ളത്.

(ഡി) മണ്ണുത്തി വെറ്ററിനറി കോളേജിന്റെ അംഗീകാരം പിൻവലിക്കുവാൻ നിർദ്ദേശമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly